# പതിനാലാം കേരള നിയമസഭ

## പതിനാറാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 902 — 30/10/2019 ൽ മറുപടിയ്ക്ക്

### സാമൂഹ്യ വനവൽക്കരണം

ചോദ്യം — മറുപടി

ശ്രീ.സി. ദിവാകരൻ — അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് സാമൂഹ്യ വന വൽക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | എ | സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനു പുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേക്കായി സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസി - യേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും, വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളംതൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാവുകളുടെയും, കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട് ഇതിനു പുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട് കൂടാതെ, വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച്, പരിസ്ഥിതി, |

| | | | |
|---|---|---|---|
| | | | വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയേയും പരിസ്ഥിതി യേയും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിത സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട് പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം ചെയ്യാറുണ്ട് കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ച് വരുന്നു. |
| ബി | പ്രസ്തുത പദ്ധതികളുടെ പുരോഗതി പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനംവകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട് ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ വർഷവും സർക്കുലറുകൾ ഇറക്കുന്നുണ്ട് സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരി-സ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമ കാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതു പ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗ സംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്ക്കൂൾ. കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട് 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട്ട കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട് കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ